**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**

(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- 1. ശ്രീ എം ആർ രാജൻ & സി കെ രാധ, ലക്ഷ്മി സദൻ, ചാലുവള്ളി, കോങ്ങാട്, എന്നിവർ നവകേരള സദസ് മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 04/01/2024_തിയതിയിലെ തീരുമാനം

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 05/01/2024**

ശ്രീ എം ആർ രാജൻ & സി കെ രാധ, ലക്ഷ്മി സദൻ, ചാലുവള്ളി, കോങ്ങാട്, എന്നിവർ നവകേരള സദസ് മുമ്പാകെ, കോങ്ങാട് ഗ്രാമപഞ്ചായത്തിൽ നിന്നും,ഒരു സെൻറ് ഭൂമിയിൽ വീട് വെച്ചതിൽ റോഡിൽ നിന്നും അര മീറ്റർ അകലം കുറവായതിനാൽ കെട്ടിടനമ്പർ അനുവദിച്ചില്ലെന്നും, കെട്ടിടനമ്പർ ഇല്ലാത്തതിനാൽ കുടിവെള്ളകണക്ഷൻ നിഷേധിച്ചുവെന്നും ഈ പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. 2 സെന്റിൽ കൂടുതൽ സ്ഥലമുണ്ടെന്നും കെട്ടിടത്തിന്റെ മുൻഭാഗത്തുനിന്നും PWD റോഡിലേക്ക് 1.82 മീറ്റർ അകലമാണുള്ളതെന്നും, KPBR ചട്ടം 23, 26, KPR വകുപ്പ് 220(b) എന്നിവ പാലിച്ചിട്ടില്ലെന്നും എൽ എസ് ജി ഡി വിഭാഗം റിപ്പോർട്ട് ചെയ്തതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ന്യൂനതകൾ കൃത്യമായും, വ്യക്തമായും രേഖപ്പെടുത്തി അത് പരിഹരിക്കുന്നതിനു അപേക്ഷകനെ അറിയിക്കുന്നതിനും അത് ലഭിക്കുന്ന മുറക്ക് തുടർനടപടികൾ സ്വികരിക്കുന്നതിനു നിർദേശം നൽകുന്നതിനും തീരുമാനിച്ചു. വാട്ടർ കണക്ഷൻ ലഭിക്കുന്നതിനായി KPR Act - Section 235 AA പ്രകാരം നമ്പർ നൽകി ഇതിനാവശ്യമായ സാക്ഷ്യപത്രം നൽകുന്നതിനു സെക്രട്ടറിയോട് നിർദ്ദേശിക്കുന്നതിനും തീരുമാനിച്ചു. ഈ വിവരം 7 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതും, അപേക്ഷകനിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറക്ക്, 15 ദിവസത്തിനകം താൽക്കാലിക കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അല്ലാത്ത പക്ഷം, സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ നിയമാനുസൃതമാക്കുന്നതിനുള്ള ചട്ടം പുറപ്പെടുവിക്കുന്ന മുറക്ക് അത് പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, അത് ചട്ടപ്രകാരം പരിഗണിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ

പകർപ്പ്: ശ്രീ എം ആർ രാജൻ & സി കെ രാധ, ലക്ഷ്മി സദൻ, ചാലുവള്ളി, കോങ്ങാട്